"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് - 2020-21 സാമ്പത്തിക വർഷത്തെ ബോണസ്/ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടിക്ക് സാധൂകരണം നൽകുന്നു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ(ഡി) വകുപ്പ്**

സ.ഉ.(കൈ) നം.34/2026/ID തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-

1. 05/08/2021-ലെ സ.ഉ(അച്ചടി) നം. 61/2021/തൊഴിൽ
2. മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 14/03/2022-ലെ എം ഐ എൽ/പി & എ/ബോണസ് 20-21/2022/950, 22/02/2024-ലെ എം ഐ എൽ/പി & എ/ബോണസ് 20-21/2024/2359, 21/06/2025- ലെ എം ഐ എൽ/പി & എ/ബോണസ് 20-21/2025/2273,23/12/2025-ലെ എം ഐ എൽ/പി & എ/ബോണസ് 20-21/2025/2584, 10/03/2026-ലെ എം ഐ എൽ/പി & എ/ബോണസ് 20-21/2025-26/2753 എന്നീ നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2020-21 വർഷത്തെ ബോണസ് / എക്സ്ഗ്രേഷ്യ വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-21-ലെ ബോണസ്/എക്സ്ഗ്രേഷ്യയായി, മുൻ വർഷം അനുവദിച്ചതിൽ നിന്നും കുറഞ്ഞ തുകയായ 14000 രൂപയാണ് വിതരണം ചെയ്തത്. പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിന്ന് വ്യതിചലിച്ചുകൊണ്ടുള്ള ടി നടപടിക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (2) -ലെ കത്ത് പ്രകാരം മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ ബോണസ് സംബന്ധിച്ച് പരാമർശം (1)ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച കൊണ്ട് മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-21 സാമ്പത്തിക വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യയായി 14000 രൂപ വിതരണം ചെയ്ത മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ നടപടി, സാധൂകരിച്ച കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, മെറ്റിൻഡ് നഗർ,ഷൊർണ്ണൂർ

മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് (മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ് II), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (22/06/2023-ലെ ഇ -1825462/പി യു ഡി2/70/2021/ധന പ്രകാരം)

തൊഴിൽ വകുപ്പ് ( 08/05/2023-ലെ ഡി1/88/2023/തൊഴിൽ പ്രകാരം)

പൊതുഭരണ(എസ് സി) വകുപ്പ് ( ............. ഇനം നമ്പർ ........ പ്രകാരം )

വിവരപൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Vinitha V R
Date: 14-03-2026 22:46:37
സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-03-2026

ഫയൽ നം. വ്യവ-ഡി2/61/2022/വ്യവ. ഇനം നം: 3941

വിഷയം : വ്യവസായ വകുപ്പ് - മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് 2020-21 സാമ്പത്തിക വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്.

3941

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | വ്യവ/ഡി2/61/2022-വ്യവ |
| 2 | വകുപ്പ് | : | വ്യവസായ( ഡി) വകുപ്പ് |
| 3 | വിഷയം | : | വ്യവസായ വകുപ്പ് - മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്-2020-21 സാമ്പത്തിക വർഷത്തെ ബോണസ്/ എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 26/02/2026 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ. |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഉണ്ട്.<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. എം എ റജീന ബീഗം |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. എ. പി.എം.മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയുടെ കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10/03/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 11/03/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12/03/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13/03/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

2020-21 സാമ്പത്തിക വർഷത്തിൽ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് ബോണസ്/എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നതാണ് ഈ കുറിപ്പിലെ വിഷയം.

2) 05/08/2021 ലെ സ.ഉ(അച്ചടി)നം.61/2021/തൊഴിൽ പ്രകാരം 2020-2021 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബോണസ്/എക്സ്ഗ്രേഷ്യാ വിതരണം ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. മുൻ വർഷം നൽകിയതിൽ നിന്നും കുറവായി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 2020-21 -ലെ ബോണസ്/എക്സ്ഗ്രേഷ്യയായി 14000 രൂപ വിതരണം ചെയ്തതായി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എക്സ്ഗ്രേഷ്യ നൽകിയതിലുള്ള സാമ്പത്തിക ബാദ്ധ്യത 505161/- രൂപയാണ്.

3) മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ 29/01/2022-ലെ 178-ാമത് ഡയറക്ടർ ബോർഡ് യോഗം സർക്കാരിന്റെ സാധൂകരണത്തിന് വിധേയമായി 2020-21-ൽ ബോണസ്/എക്സ്ഗ്രേഷ്യ വിതരണം ചെയ്ത നടപടി അംഗീകരിച്ചു. ബോണസ്/എക്സ്ഗ്രേഷ്യ വിതരണം ചെയ്ത നടപടി സാധൂകരിക്കണമെന്ന് മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

4) ഈ വിഷയത്തിലുള്ള തൊഴിൽ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കും പ്രകാരമാണ്.

"If the bonus and other benefits are paid contrary to the guidelines in G.O.(P)No.61/2021/LBR dated 05/8/2021 issued by this department, the department will not agree to the said action".

5) ധനകാര്യ വകുപ്പ് ഈ വിഷയത്തിൽ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

" Administrative Department is informed that, the proposal has to be analysed by that Department as to indicate the actual amounts paid in excess and the data indicating the violations occurred on the orders issued from Labour Department. Labour Department may be moved to ratify the action of excess and wrong payments involved and get it ratified at appropriate level only if own funds are involved. If government funds are involved then Administrative Department has to take up separately. The violation, even if own funds are involved, the action of one institution to grant benefits beyond those envisaged in orders issued from Labour Department, cannot be entertained and also informed that Finance Department is not a ratifying department."

6) കഴിഞ്ഞ വർഷം നൽകിയ തുകയായ 18,300/- രൂപ സംരക്ഷിക്കണമെന്ന് തൊഴിലാളി യൂണിയനുകൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും, 05/08/2021 ലെ സ.ഉ(അച്ചടി)നം.61/2021/തൊഴിൽ പാലിച്ചു കൊണ്ട് ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെ കമ്പനി ഓരോ ജീവനക്കാരനും 14,000/- രൂപ വീതം വിതരണം ചെയ്തതായി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ തുടർന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. കമ്പനി നേരിടുന്ന സാമ്പത്തിക പ്രതിസന്ധി കാരണം മുൻവർഷത്തേക്കാൾ കുറഞ്ഞ തുകയാണ് ഇത്തവണ നൽകിയിട്ടുള്ളതെന്നും, ഈ തുകയിൽ അർഹമായ ബോണസ്, ഉത്സവബത്ത, എക്സ്ഗ്രേഷ്യ എന്നിവ ഉൾപ്പെടുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനാൽ 2020-21 വർഷത്തിൽ വിതരണം ചെയ്ത ബോണസ്/എക്സ്ഗ്രേഷ്യ സാധൂകരിക്കണമെന്ന് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

7) 2020–21 കാലയളവിൽ ബോണസ്/എക്സ്ഗ്രേഷ്യയായി വിതരണം ചെയ്ത തുക കഴിഞ്ഞ വർഷം വിതരണം ചെയ്തതിനെക്കാൾ കുറവാണെങ്കിലും, അർഹമായ തുകയേക്കാൾ (11,000/- രൂപ ) കൂടുതലാണ്. താരതമ്യേന കുറഞ്ഞ വേതനനിരക്കിൽ സേവനമനുഷ്ഠിക്കുന്ന മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാരെ പരിഗണിച്ച്, 2020–21 കാലയളവിൽ ബോണസ്/എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കണമെന്ന് ഭരണ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി.

8) ബോണസ്/എക്സ്ഗ്രേഷ്യ വിതരണം ചെയ്തതിനെ തുടർന്ന് കമ്പനിക്ക് ഉണ്ടായ ആകെ സാമ്പത്തിക ബാധ്യത ₹5,05,161/- ആയി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എക്സ്ഗ്രേഷ്യ തുക നേരത്തേ നൽകി കഴിഞ്ഞതിനാലും ബോണസ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നും വ്യതിയാനമുള്ളതിനാലും മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടറുടെ നടപടി സാധൂകരിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്.

9) ഫയൽ ബഹു.വ്യവസായ വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

**തീരുമാനിക്കേണ്ട കാര്യം**

05/08/2021 ലെ സ.ഉ(അച്ചടി)നം.61/2021/തൊഴിൽ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ചു കൊണ്ട് മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിലെ ജീവനക്കാർക്ക് 14000 രൂപ (പതിനാലായിരം രൂപ മാത്രം) നിരക്കിൽ 2020-21 സാമ്പത്തിക വർഷത്തെ ബോണസ്/എക്സ്ഗ്രേഷ്യ വിതരണം ചെയ്ത മാനേജിംഗ് ഡയറക്ടറുടെ നടപടി തൊഴിലും നൈപുണ്യവും ധനകാര്യവും വകുപ്പുകളുടെ അഭിപ്രായത്തെ മറികടന്നു കൊണ്ട് സാധൂകരിക്കാമോ?